# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

(നിയമസഭ 2025 മാർച്ച് 25-ാം തീയതി പാസ്സാക്കിയ പ്രകാരമുള്ളത്)

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1986-ലെ 31-ാം ആക്റ്റിനുള്ള ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31),—

(എ) 3-ാം വകുപ്പിൽ, (26)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(27) "പരാതി" എന്നാൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട് സങ്കടമനുഭവിക്കുന്ന വിദ്യാർത്ഥി നൽകുന്ന പരാതി എന്നർത്ഥമാകുന്നു;

(28) "ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ" എന്നാൽ 30 ഡി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നർത്ഥമാകുന്നു;

(29) “ഗവേഷണ പാർക്ക്" എന്നാൽ 53 സി വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഗവേഷണ പാർക്ക് എന്നർത്ഥമാകുന്നു;

(30) "സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം" എന്നാൽ 53 എ വകുപ്പ് പ്രകാരം സ്ഥാപിക്കുന്ന സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം എന്നർത്ഥമാകുന്നു.”.

(ബി) 9-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“9. പ്രോ-ചാൻസലർ.—(1) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) പ്രോ-ചാൻസലർ, സന്നിഹിതനായിരിക്കുമ്പോൾ, ചാൻസലറുടെ അഭാവത്തിൽ സെനറ്റിന്റെ യോഗങ്ങളിലും സർവ്വകലാശാലയുടെ ഏതൊരു ബിരുദദാന ചടങ്ങിലും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) പ്രോ-ചാൻസലർക്ക് സർവ്വകലാശാലയുടെ അക്കാദമികവും ഭരണപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിവരവും വിളിച്ചുവരുത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള അർത്ഥന സർവ്വകലാശാല പാലിക്കേണ്ടതുമാണ്.

(4) പ്രോ-ചാൻസലർക്ക്, പ്രധാനപ്പെട്ടതെന്ന് അദ്ദേഹം കരുതുന്ന ഏതൊരു കാര്യമോ സർക്കാരിന്റെ നയത്തിൽപെടുന്ന ഏതൊരു സംഗതിയോ, ചാൻസലറുടെയോ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഉചിതമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(5) പ്രോ-ചാൻസലർക്ക് അദ്ദേഹം നിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെയോ, ഉദ്യോഗസ്ഥരെയോ പ്രൊഫസർ പദവിയിൽ കുറയാത്ത അക്കാദമിക് വിദഗ്ദ്ധനെയോ, സർവ്വകലാശാലയെയും അതിന്റെ കെട്ടിടങ്ങളെയും ലബോറട്ടറികളെയും ഉപകരണങ്ങളെയും സർവ്വകലാശാല പരിപാലിക്കുന്ന ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ; കൂടാതെ പരീക്ഷകളെയും അദ്ധ്യാപനത്തെയും സർവ്വകലാശാല നടത്തിയിട്ടുള്ളതോ ചെയ്തിട്ടുള്ളതോ ആയ മറ്റു പ്രവൃത്തികളെയും സംബന്ധിച്ച്, പരിശോധന നടത്തിപ്പിക്കുന്നതിനും സർവ്വകലാശാലയുടെയും കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമോ സാമ്പത്തികപരമോ ആയ ഏതൊരു സംഗതിയുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് സമാനരീതിയിൽ അന്വേഷണം നടത്തിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(6) പ്രോ-ചാൻസലർക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(7) പ്രോ-ചാൻസലർ, രേഖാമൂലമുള്ള ഉത്തരവിലൂടെ ചാൻസലർ ഏല്പിച്ചുകൊടുത്തേക്കാവുന്ന ചാൻസലറുടെ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും, അപ്രകാരമുള്ള ഏല്പിച്ചുകൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായിരിക്കുന്നതുമാണ്.".

(സി) 12-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ സിൻഡിക്കേറ്റ് പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്. പ്രോ-വൈസ്-ചാൻസലർ, വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനം അവസാനിക്കുന്നതുവരെയുള്ള കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതും പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്:

എന്നാൽ, അറുപത് വയസ്സ് പൂർത്തിയായ യാതൊരാളും നിയമനത്തിന് അർഹനായിരിക്കുന്നതല്ല." ;

(ii) (2)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(iii) (3)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) പ്രോ-വൈസ്-ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ അക്കാദമിക-ഭരണനിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതും പ്രൊഫസർ അല്ലെങ്കിൽ അസോസിയേറ്റ് പ്രൊഫസർ തസ്തിക വഹിക്കുന്ന ആൾ ആയിരിക്കേണ്ടതുമാണ് .";

(iv) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) പ്രോ-വൈസ്-ചാൻസലർ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതും വൈസ്-ചാൻസലർ ഏല്പിച്ചുകൊടുക്കുന്നതുമായ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.".

(ഡി) 17-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"17. സിൻഡിക്കേറ്റ്.—സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ കാര്യനിർവ്വഹണ നികായമായിരിക്കുന്നതും അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

എക്സ്-ഒഫിഷ്യോ അംഗങ്ങൾ

(i) വൈസ്-ചാൻസലർ;

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(iv) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(i) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന വ്യവസായ വാണിജ്യ മേഖലയിലെ ഒരു വിദഗ്ദ്ധൻ;

(ii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള അഞ്ച് വിദഗ്ദ്ധർ, അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങളിലോ നിന്നുള്ളവരായിരിക്കേണ്ടതാണ്;

(iii) ഫാക്കൽറ്റികളുടെ അക്ഷരമാലാ ക്രമമനുസരിച്ച് എല്ലാ രണ്ട് വർഷ കാലയളവിലേക്കും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റികളുടെ ഒരു ഡീൻ;

(iv) സെനറ്റിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;

(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കേരള നിയമസഭയിലെ രണ്ട് അംഗങ്ങൾ.

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

സെനറ്റിലെ അംഗങ്ങളിൽ നിന്നും അംഗങ്ങൾ തെരഞ്ഞെടുക്കുന്ന രണ്ടു പേർ, അവരിൽ ഒരാൾ തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകനായിരിക്കേണ്ടതാണ്.".

(ഇ) 17-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"17 എ. സിൻഡിക്കേറ്റിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.—എക്സ്-ഒഫിഷ്യോ അംഗങ്ങൾ, ഫാക്കൽറ്റി ഡീൻ എന്നിവർ ഒഴികെയുള്ള സിൻഡിക്കേറ്റിലെ അംഗങ്ങൾ, അതതുസംഗതിപോലെ, അവരെ തെരഞ്ഞെടുത്തതോ നാമനിർദ്ദേശം ചെയ്തതോ ആയ തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്:

എന്നാൽ, ഒരു പ്രത്യേക നികായത്തിലെ അംഗം എന്ന നിലയിലോ ഒരു പ്രത്യേക സ്ഥാനം വഹിക്കുന്ന ആൾ എന്ന നിലയിലോ തെരഞ്ഞെടുക്കപ്പെടുന്ന യാതൊരാളും, അങ്ങനെയുള്ള അംഗമോ അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്ന ആളോ അല്ലാതായിത്തീർന്നതിനുശേഷം മൂന്നു മാസത്തിൽ കവിഞ്ഞ കാലത്തേയ്ക്ക്, അതിനിടയിൽ താൻ വീണ്ടും ആ നികായത്തിലെ ഒരു അംഗമോ ആ സ്ഥാനം വഹിക്കുന്ന ആളോ ആയിത്തീരാത്ത പക്ഷം, സിൻഡിക്കേറ്റിലെ അംഗം ആയിരിക്കാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല, 17-ാം വകുപ്പിലെ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന് താഴെയുള്ള (iii), (iv) ഇനങ്ങളിൽ പരാമർശിച്ചിട്ടുള്ള അംഗം, അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്ത തീയതി മുതൽ ഒരു വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്:

എന്നിരുന്നാലും, എക്സ്-ഒഫിഷ്യോ അംഗമല്ലാത്ത യാതൊരാളും രണ്ടിൽ കൂടുതൽ തവണ തുടർച്ചയായി ഔദ്യോഗിക സ്ഥാനം വഹിക്കാൻ അർഹനായിരിക്കുന്നതല്ല.".

(എഫ്) 19-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 19. സെനറ്റ്.—സെനറ്റിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

എക്സ് -ഒഫിഷ്യോ അംഗങ്ങൾ

(i) ചാൻസലർ;

(ii) പ്രോ-ചാൻസലർ;

(iii) വൈസ്-ചാൻസലർ;

(iv) പ്രോ -വൈസ് -ചാൻസലർ;

(v) കൊച്ചി മേയറും കളമശ്ശേരി നഗരസഭാ അദ്ധ്യക്ഷനും;

(vi) സർവ്വകലാശാലയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന കേരള നിയമസഭ അംഗവും ലോക്സഭയിലെ അംഗവും;

(vii) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(viii) ധനകാര്യ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(ix) എക്സിക്യൂട്ടീവ് വൈസ്-ചെയർപേഴ്സൺ, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ്;

(x) സർവ്വകലാശാല വിദ്യാർത്ഥി യൂണിയൻ ചെയർപേഴ്സൺ;

(xi) മറ്റുവിധത്തിൽ സെനറ്റിലെ അംഗങ്ങളല്ലാത്ത സിൻഡിക്കേറ്റിലെ അംഗങ്ങൾ.

<u>തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ</u>

(i) അക്കാദമിക് കൗൺസിലിലെ അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നുപേർ, അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ് ;

(ii) ഫാക്കൽറ്റി ഡീൻമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടു പേർ;

(iii) സർവ്വകലാശാല വകുപ്പുകളിലെയും അംഗീകൃത സ്ഥാപനങ്ങളിലെയും സ്ഥിരം അദ്ധ്യാപകർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഏഴ് പേർ ;

(iv) സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന പത്ത് പേർ, അവരിൽ ഒരാൾ വനിതയും രണ്ട് പേർ ഗവേഷണ വിദ്യാർത്ഥികളും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലോ ഉൾപ്പെട്ട ആളും ഒരാൾ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ആളും ആയിരിക്കേണ്ടതാണ്;

(v) സർവ്വകലാശാലയിലെ സ്ഥിരം അനദ്ധ്യാപക ജീവനക്കാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ട് പേർ;

(vi) കേരള നിയമസഭാ സാമാജികർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്ന് അംഗങ്ങൾ, അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലോ ഉൾപ്പെട്ടതും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്.

മറ്റ് അംഗങ്ങൾ

(i) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സാങ്കേതികശാസ്ത്ര മേഖലയിലെ അഞ്ച് വിദഗ്ദ്ധർ, അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലോപെട്ടയാളും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്;

(ii) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സാങ്കേതികശാസ്ത്രം, കല, സാഹിത്യം, മാധ്യമപ്രവർത്തനം എന്നീ മേഖലകളിൽ നിന്നുള്ള ഏഴിൽ അധികരിക്കാത്ത അംഗങ്ങൾ.".

(ജി) 24-ാം വകുപ്പിൽ,—

(i) (viii)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(viii എ) സർവ്വകലാശാലയിൽ തുടർപഠനം നടത്തുന്നതിനായി മറ്റ് സർവ്വകലാശാലകളുടെ പരീക്ഷകൾ, ഡിപ്ലോമകൾ, ബിരുദങ്ങൾ, മറ്റ് അക്കാദമിക ബഹുമതികൾ എന്നിവ യോഗ്യമാണോ എന്ന് തീരുമാനിക്കുന്നതിന്;

(viii ബി) ഇൻഡ്യയിലെയും വിദേശത്തെയും വിവിധ സർവ്വകലാശാലകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും ക്രെഡിറ്റ് കൈമാറ്റത്തോടെ വിദ്യാർത്ഥികളുടെ അന്തർസർവ്വകലാശാല സ്ഥലംമാറ്റവും മൊബിലിറ്റിയും പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന്;

(viii സി) മറ്റ് സർവ്വകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ആർജ്ജിച്ചിട്ടുള്ള ക്രെഡിറ്റുകൾ സർവ്വകലാശാലയുടെ അതേ പ്രോഗ്രാമിലേയ്ക്കോ വ്യത്യസ്ത പ്രോഗ്രാമിലേയ്ക്കോ കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന്;".

(എച്ച്) 24-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"24 എ. ഗവേഷണ കൗൺസിൽ.—(1) ഗവേഷണം, നൂതന കണ്ടെത്തലുകൾ, അക്കാദമിക് സഹകരണം, സാങ്കേതികശാസ്ത്ര കൈമാറ്റം, ഗവേഷണവുമായി ബന്ധപ്പെട്ട തുടർപ്രവൃത്തികൾ എന്നിവയുമായി ബന്ധപ്പെട്ട ഏതൊരു കാര്യത്തിന്മേലും ചർച്ച ചെയ്യുന്നതിനും ആലോചിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി സർവ്വകലാശാലയ്ക്ക് ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കുന്നതാണ്.

(2) ഗവേഷണ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) വൈസ് -ചാൻസലർ;

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) രജിസ്ട്രാർ;

(iv) റിസർച്ച് ഡയറക്ടർ, അദ്ദേഹം സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രൊഫസർ ആയിരിക്കേണ്ടതാണ്;

(v) സിൻഡിക്കേറ്റിലെ തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകൻ;

(vi) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ മൂന്ന് ഡീൻമാർ;

(vii) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഗവേഷണത്തിൽ പ്രാഗൽഭ്യം തെളിയിച്ച സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള രണ്ട് വിദഗ്ദ്ധർ;

(viii) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ ഒരു ഗവേഷണ വിദ്യാർത്ഥി;

(ix) ഡയറക്ടർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(x) അക്കാദമിക് കൗൺസിൽ അവർക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ.

(3) ഗവേഷണ കൗൺസിലിന്റെ ചെയർപേഴ്സൺ വൈസ്-ചാൻസലർ ആയിരിക്കുന്നതും കൺവീനർ റിസർച്ച് ഡയറക്ടർ ആയിരിക്കുന്നതുമാണ്. ചെയർപേഴ്സന്റെ അഭാവത്തിൽ, ഹാജരായ അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗം ഗവേഷണ കൗൺസിലിന്റെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(4) ഗവേഷണ കൗൺസിലിലെ അംഗങ്ങൾ, അത് രൂപീകരിച്ച തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്കോ പുനഃസംഘടിപ്പിക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(5) ഗവേഷണ കൗൺസിൽ മാസത്തിൽ ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(6) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ രണ്ടിൽ ഒന്ന് ആയിരിക്കുന്നതാണ്.

(7) ഗവേഷണ കൗൺസിലിന്റെ ഏല്പിച്ചുകൊടുക്കാവുന്ന അധികാരങ്ങൾ ഉൾപ്പെടെയുള്ള അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്."

(ഐ) 30-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"30 എ. വിദ്യാർത്ഥികളുടെ അവകാശങ്ങൾ.—(1) വിദ്യാർത്ഥികൾക്ക്, അവർ പഠനം നടത്താനാഗ്രഹിക്കുന്ന സ്ഥാപനത്തിന്റെ പ്രോസ്പെക്ടസ് ലഭിക്കുന്നതിനും കോഴ്സ് തെരഞ്ഞെടുപ്പിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും യുക്തമായ തീരുമാനങ്ങൾ എടുക്കുന്നതിന് സഹായകരമായ വിവരങ്ങൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) വിദ്യാർത്ഥികൾക്ക്, അവർ രജിസ്റ്റർ ചെയ്ത ഓരോ കോഴ്സിന്റെയും വിശദവും പൂർണ്ണവുമായ രൂപരേഖ ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അത് ക്ലാസിന്റെ ആദ്യ ആഴ്ചയിൽ നൽകേണ്ടതുമാണ്. ഈ വിവരങ്ങളിൽ,—

(എ) കോഴ്സിൽ പരിഗണിക്കേണ്ട വിഷയങ്ങളുടെ വിവരണം;

(ബി) ആവശ്യമായതും ശിപാർശ ചെയ്യപ്പെട്ടതുമായ, വായനക്കോ പഠനത്തിനോ ഉള്ള സാമഗ്രികളുടെ ഒരു ലിസ്റ്റ്;

(സി) കോഴ്സിൽ ഉപയോഗിക്കേണ്ടതായ മൂല്യനിർണ്ണയ രീതികളുടെ വിവരണം; കൂടാതെ

(ഡി) ഇൻസ്ട്രക്ടറെ ബന്ധപ്പെടാനുള്ള വിവരങ്ങൾ, ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം, ഓഫീസ് സമയം എന്നിവ ഉൾപ്പെടേണ്ടതാണ്.

(3) വിദ്യാർത്ഥികൾക്ക്, തൃപ്തികരമായ അക്കാദമിക് വിദ്യാഭ്യാസം നേടുന്നതിനും അവരുടെ നിർദ്ദിഷ്ട പഠനലക്ഷ്യങ്ങളും ക്രെഡിറ്റ് ആവശ്യകതയും കൈവരിക്കുന്നതിനായി മുഖാമുഖമായോ ഓൺലൈനായോ പഠനം നടത്താനാവശ്യമായ അദ്ധ്യാപന മണിക്കൂറുകൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(4) വിദ്യാർത്ഥികൾക്ക്, അവരുടെ താൽപര്യാർത്ഥം, ഏതെങ്കിലും വിദ്യാർത്ഥിസംഘടനയിൽ അംഗമാകുന്നതിനും പ്രവർത്തിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

അത്തരം സംഘടനയുടെ ആവശ്യങ്ങൾ നിയമാനുസൃതമായിരിക്കേണ്ടതാണ്. അങ്ങനെയുള്ള സംഘടനകൾക്ക് തങ്ങളുടെ ആശയങ്ങൾ പരസ്യപ്പെടുത്തുന്നതിനും യോഗങ്ങൾ നടത്തുന്നതിനും ചർച്ചകൾ നടത്തുന്നതിനും നിയമാനുസൃതവും സമാധാനപരവുമായ പ്രകടനത്തിൽ ഏർപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ് .

(5) സർവ്വകലാശാലയും അതിൻകീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളുടെ ഒരു ഔപചാരിക പ്രാതിനിധ്യ സമിതി രൂപീകരിക്കേണ്ടതും, ആ സമിതിയിൽ, സർവ്വകലാശാലയുടെ തീരുമാനത്തിനനുസരിച്ച് വിദ്യാർത്ഥികളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനായി തെരഞ്ഞെടുപ്പുകൾ വർഷംതോറും നടത്തേണ്ടതുമാണ്.

(6) സർവ്വകലാശാലയുടെ പഠന വകുപ്പുകളും സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികൾക്കുള്ള ഈ അവകാശങ്ങൾ നിരീക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(7) ഓരോ വിദ്യാർത്ഥിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

30 ബി. വിദ്യാർത്ഥികളുടെ പരാതി പരിഹാര സംവിധാനം.—(1) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി വിദ്യാർത്ഥികളുടെ ഒരു പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

(2 ) അത്തരം സംവിധാനത്തിന്റെ രൂപീകരണം, അധികാരങ്ങൾ, ചുമതലകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

30 സി. അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും.—(1) അദ്ധ്യാപകർക്ക് അക്കാദമിക സ്വാതന്ത്ര്യത്തിനും അന്വേഷണം, അഭിപ്രായപ്രകടനം, സംഘംചേരൽ എന്നിവയ്ക്കുള്ള സ്വാതന്ത്ര്യത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) അദ്ധ്യാപകർക്ക്, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി, അക്കാദമിക പ്രോഗ്രാമുകൾ, പാഠ്യപദ്ധതി, സിലബസ്, മൂല്യനിർണ്ണയം എന്നിവ രൂപകല്പന ചെയ്യുന്നതിനുള്ള അക്കാദമിക സ്വയംഭരണാധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) അദ്ധ്യാപകർക്കോ അവരുടെ അംഗീകൃത സംഘങ്ങൾക്കോ സംഘടനകൾക്കോ സർവ്വകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെ, ലിഖിതമായതോ

അച്ചടിച്ചതോ ഇലക്ട്രോണിക് രൂപത്തിലുള്ളതോ ആയ മെറ്റീരിയലുകൾ കാമ്പസിൽ വിതരണം ചെയ്യുകയും പ്രദർശിപ്പിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ, അപ്രകാരം വിതരണം ചെയ്യുന്ന മെറ്റീരിയൽ സർവ്വകലാശാലയുടെ നയത്തിനും സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾക്കും വിരുദ്ധമാകാൻ പാടുള്ളതല്ല. അങ്ങനെയുള്ള മെറ്റീരിയലിൽ അതിന് ഉത്തരവാദിയായ വ്യക്തിയെയോ വ്യക്തികളെയോ അവർ പ്രതിനിധാനം ചെയ്യുന്ന സംഘങ്ങൾ അഥവാ സംഘടനകൾ ഉൾപ്പെടെ വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്.

(4) അദ്ധ്യാപകർക്ക്, വിഭവങ്ങളുടെ ലഭ്യതയ്ക്ക് അനുസൃതമായി, അദ്ധ്യാപകരുടെ ഉത്തരവാദിത്വവുമായി ബന്ധപ്പെട്ട അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും തുടർപഠന അവസരങ്ങൾ പിന്തുടരാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(5) അദ്ധ്യാപകർക്ക്, അവരുടെ മറ്റ് അക്കാദമിക ചുമതലകളുടെ തൃപ്തികരമായ പ്രവർത്തനങ്ങൾക്ക് വിധേയമായി, ഗവേഷണത്തിലും ഗവേഷണഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും പൂർണ്ണ സ്വാതന്ത്ര്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) അദ്ധ്യാപകരുടെ അദ്ധ്യാപന ചുമതലകളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:—

(എ) കോഴ്സ് നൽകുന്നതിനുള്ള രീതിക്ക് യോജിച്ച ക്ലാസ് മുറി അല്ലെങ്കിൽ ഓൺലൈൻ പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്യുക;

(ബി) കോഴ്സ് സിലബസ് തയ്യാറാക്കുക;

(സി) അസൈൻമെന്റുകളും പരീക്ഷകളും മൂല്യനിർണ്ണയവും രൂപകല്പന ചെയ്യുക;

(ഡി) ഓഫീസ് സമയം സ്ഥിരമായി പാലിക്കുക അല്ലെങ്കിൽ കൂടിയാലോചനക്ക് ലഭ്യമായിരിക്കുക;

(ഇ) വിദ്യാർത്ഥികൾ ഏറ്റെടുത്തിട്ടുള്ള ഇന്റേൺഷിപ്പ്, അപ്രന്റിസ്ഷിപ്പ് മുതലായവയുടെ മേൽനോട്ടം വഹിക്കുക;

(എഫ്) തീസിസുകളും പ്രബന്ധങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുക;

(ജി) വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം നടത്തുക;

(എച്ച്) വിദ്യാർത്ഥികളുടെ പഠനത്തെ തുടരെ വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുക;

(ഐ) ഉപദേശം നൽകുക, പാഠ്യപദ്ധതി വികസിപ്പിക്കുകയും നിർണ്ണയിക്കുകയും ചെയ്യുക;

(ജെ) വിദ്യാർത്ഥി മെന്റർ പ്രോഗ്രാമുകൾ, അദ്ധ്യാപക സേവനങ്ങൾ, പഠന നൈപുണ്യ ശില്പശാലകൾ, പ്രത്യേക ഇവന്റുകൾ, ഗവേഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഗവേഷണം നടത്തൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പ്രോജക്റ്റുകൾക്കോ തുടർപ്രവർത്തനങ്ങൾക്കോ ഉള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക.

(7) അക്കാദമിക ഉപദേശം നൽകൽ, അദ്ധ്യാപകന്റെ ഉത്തരവാദിത്വത്തിന്റെ ഒരു ഭാഗമായിരിക്കുന്നതാണ്.

(8) അദ്ധ്യാപന ഉത്തരവാദിത്വം എന്നതിൽ കോഴ്സ് പ്രദാനം ചെയ്യേണ്ട രീതിക്ക് അനുയോജ്യമായി ക്ലാസ് മുറിയിൽ നേരിട്ടോ ഓൺലൈനായോ നിശ്ചയിക്കപ്പെട്ട ക്ലാസ് സമയങ്ങളിലെ കൃത്യവും സ്ഥിരമായതുമായ സാന്നിദ്ധ്യം ഉൾപ്പെടുന്നതാണ്.

(9) ഒരു അദ്ധ്യാപകൻ വിദ്യാർത്ഥികളോട് പ്രൊഫഷണൽ മര്യാദയോടെ പെരുമാറേണ്ടതും അക്കാദമിക സ്വാതന്ത്ര്യവും ഈ ആക്റ്റിലെ 30 എ വകുപ്പ് പ്രകാരമുള്ള അവകാശങ്ങൾ ഉൾപ്പെടെയുള്ള അവരുടെ എല്ലാ അവകാശങ്ങളെയും മാനിക്കേണ്ടതുമാണ്.

(10) സർവ്വകലാശാലയിലെ എല്ലാ അദ്ധ്യാപകർക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കുന്നതാണ്.

30 ഡി. <u>ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.</u>—(1) സർവ്വകലാശാലയിൽ ഒരു ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) സർവ്വകലാശാലയിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) ഫിനാൻസ് ആഫീസർ;

(ഇ) സിൻഡിക്കേറ്റ് അംഗങ്ങൾ, അവർക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ;

(എഫ്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ജി) പ്രാദേശിക സമൂഹം, വിദ്യാർത്ഥികൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആൾ വീതം;

(എച്ച്) തൊഴിലുടമകൾ, വ്യവസായികൾ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആൾ വീതം.

(3) വൈസ്-ചാൻസലർ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ ആയിരിക്കേണ്ടതും, സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ഡയറക്ടർ ആയിരിക്കേണ്ടതുമാണ്.

(4) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അംഗങ്ങൾ, അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ രണ്ടുവർഷക്കാലം ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(5) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും ചുമതലകളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(6) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(7) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.".

(ജെ) 32-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിൽ, "അല്ലെങ്കിൽ 1882-ലെ ഇന്ത്യൻ ട്രസ്റ്റ് ആക്റ്റുമൂലം അധികാരപ്പെടുത്തിയ സെക്യൂരിറ്റികളിൽ" എന്നീ വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തത്തിൽ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(കെ) 36-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(8) മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രത്യേക പദ്ധതികൾക്കോ പ്രോഗ്രാമുകൾക്കോ വേണ്ടി എക്സ്റ്റേണൽ ഫണ്ടിംഗ് ഏജൻസികൾ അനുവദിച്ച ഫണ്ടുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ, ഫണ്ട് ചെയ്യുന്ന ഏജൻസി വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിൽ മാത്രം ഓഡിറ്റ് ചെയ്യേണ്ടതാണ്.".

(എൽ) 39-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, സ്റ്റാറ്റ്യൂട്ട് ചാൻസലർക്ക് സമർപ്പിച്ച തീയതി മുതൽ അറുപതു ദിവസങ്ങൾക്കകം അതിന്മേൽ അദ്ദേഹം തീരുമാനമെടുക്കാത്തപക്ഷം അതിന് അനുമതി നൽകിയതായി കരുതപ്പെടേണ്ടതാണ്.".

(എം) 53-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"53 എ. സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം.—(1) സർവ്വകലാശാലയ്ക്ക് അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി, അതിന്റെ ഏതെങ്കിലും ഏജൻസി മുഖേന സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിലുള്ള സമഗ്രമായ ഒരു റിസോഴ്സ് പ്ലാനിംഗും മാനേജ്മെന്റ് സംവിധാനവും ഉണ്ടായിരിക്കുകയോ സർക്കാർ സ്ഥാപിച്ചിട്ടുള്ള അങ്ങനെയുള്ള ഒരു സംവിധാനത്തിന്റെ ഭാഗമാകുകയോ ചെയ്യേണ്ടതും അത് സർവ്വകലാശാലയുടെ വിവിധ വകുപ്പുകൾക്കും യൂണിറ്റുകൾക്കും കീഴിലെ പ്രധാനമായ ഭരണപരം, അക്കാദമികം, മാനവവിഭവശേഷി, സാമ്പത്തികം, പരീക്ഷ, മറ്റു നടപടികൾ എന്നിവയുടെ ഭരണനിർവ്വഹണത്തിനുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി സംയോജിപ്പിക്കുകയും യന്ത്രവൽക്കരിക്കുകയും സ്ട്രീംലൈൻ ചെയ്യുകയും ചെയ്യേണ്ടതുമാണ്.

(2) സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റത്തിന്റെ നയവും പ്രോഗ്രാമും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതാണ്.

53 ബി. റൂൾസ് ഓഫ് ബിസിനസ്സ്.—(1) സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായും വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള ഭരണ നിർവ്വഹണത്തിന്റെ ഫലപ്രദമായ ഉപയോഗത്തിനായും പുനർനിർമ്മാണം അടിസ്ഥാനമാക്കിയുള്ള റൂൾസ് ഓഫ് ബിസിനസ്സ് ഉണ്ടാക്കേണ്ടതാണ്.

(2) റൂൾസ് ഓഫ് ബിസിനസ്സ് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതും ബാധകമായേക്കാവുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി കാലാകാലങ്ങളിൽ ഭേദഗതി ചെയ്യേണ്ടതുമാണ്.

53 സി. ഗവേഷണ പാർക്കുകൾ.—(1) സർവ്വകലാശാലയ്ക്ക് ആങ്കർ ക്ലയന്റുകൾ, പൂർവ്വ വിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിവയിൽ നിന്നുള്ള നിക്ഷേപം ഉപയോഗിച്ച് 2013-ലെ കമ്പനീസ് ആക്റ്റിന്റെ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പ് പ്രകാരമുള്ള കമ്പനികളായി സ്ഥാപിക്കപ്പെടാവുന്ന സ്വതന്ത്ര ഗവേഷണ പാർക്കുകളോ മറ്റ് സമാന സ്ഥാപനങ്ങളോ സ്ഥാപിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ ഗവേഷണ പാർക്കിനും കമ്പനികൾക്കും ഒരു സ്വതന്ത്ര ഗവേണിംഗ് ബോഡി ഉണ്ടായിരിക്കേണ്ടതാണ്. ഗവേഷണ പാർക്കിന്റെ നയവും പ്രോഗ്രാമും ഗവേണിംഗ് ബോഡിയുടെ ഘടനയും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.”.

3. 2013-ലെ 24-ാം ആക്റ്റിനുള്ള ഭേദഗതി.—2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24),—

(എ) 2-ാം വകുപ്പിൽ, (ഡബ്ല്യൂ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

“(എക്സ്) “പരാതി" എന്നാൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട് സങ്കടമനുഭവിക്കുന്ന വിദ്യാർത്ഥി നൽകുന്ന പരാതി എന്നർത്ഥമാകുന്നു;

(വൈ) “ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ" എന്നാൽ 22 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ക്വാളിറ്റി അഷ്വറൻസ് സെൽ എന്നർത്ഥമാകുന്നു;

(ഇസഡ്) “ഗവേഷണ പാർക്ക് " എന്നാൽ 55 സി വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഗവേഷണ പാർക്ക് എന്നർത്ഥമാകുന്നു;

(ഇസഡ്എ) “യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ” എന്നാൽ 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്റ്റ് (1956-ലെ 3-ാം കേന്ദ്ര ആക്റ്റ്) പ്രകാരം സ്ഥാപിതമായ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഇസഡ് ബി) “സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം" എന്നാൽ 55 എ വകുപ്പ് പ്രകാരം സ്ഥാപിക്കുന്ന സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം എന്നർത്ഥമാകുന്നു.”.

(ബി) 5-ാം വകുപ്പ് (ബി) ഖണ്ഡത്തിൽ "ബിരുദാനന്തര ബിരുദ തലത്തിൽ" എന്നീ വാക്കുകൾക്ക് പകരം "ബിരുദ തലത്തിലും ബിരുദാനന്തര ബിരുദ തലത്തിലും” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(സി) 13-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"13. <u>നിർവ്വാഹകസമിതി.</u>—നിർവ്വാഹകസമിതി സർവ്വകലാശാലയുടെ മുഖ്യ നിർവ്വാഹക നികായം ആയിരിക്കേണ്ടതും അതിൽ ഇനിപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത് :—

<u>ഔദ്യോഗിക അംഗങ്ങൾ</u>

(i) വൈസ്-ചാൻസലർ;

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ.

<u>തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ</u>

(i) പൊതുസഭയിലെ സ്കൂളുകളിലെ ഡയറക്ടർമാരിൽ നിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ തിരഞ്ഞെടുക്കുന്ന ഒരംഗം;

(ii) പൊതുസഭയിലെ സർവ്വകലാശാല അദ്ധ്യാപകരിൽ നിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ തിരഞ്ഞെടുക്കുന്ന ഒരംഗം;

(iii) പൊതുസഭയിലെ വിദ്യാർത്ഥികളിൽ നിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ തിരഞ്ഞെടുക്കുന്ന ഒരംഗം.

<u>നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ</u>

(i) പൊതുസഭയിൽ അംഗങ്ങളായ പ്രമുഖരായ സാഹിത്യകാരന്മാർ, കലാകാരന്മാർ, പണ്ഡിതന്മാർ എന്നിവരിൽ നിന്നും ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(ii) പ്രമുഖരായ എഴുത്തുകാർ, കലാകാരന്മാർ, പണ്ഡിതന്മാർ എന്നിവരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേർ, അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലോ ഉൾപ്പെട്ടവരായിരിക്കേണ്ടതാണ്.".

(ഡി) 15-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ (റ്റി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(റ്റിഎ) അത് നിശ്ചയിക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കായും ഇൻഡ്യയിലും വിദേശത്തും ഉള്ള മറ്റ് സർവ്വകലാശാലകളുമായും മറ്റ് അധികാരസ്ഥാനങ്ങളുമായും യോജിച്ച് പ്രവർത്തിക്കുകയും സഹകരിക്കുകയും ചെയ്യുക;

(റ്റിബി) ഔപചാരികമായി രൂപീകരിച്ച പഠന ബോർഡുകളുടെ അഭാവത്തിൽ, സർവ്വകലാശാല ആരംഭിച്ച പ്രത്യേക പഠന മേഖലകളിൽ അങ്ങനെയുള്ള പ്രോഗ്രാമുകൾക്കായോ കോഴ്സുകൾക്കായോ പഠന ബോർഡുകളുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി വിദഗ്ദ്ധ സമിതികൾ രൂപീകരിക്കുക.".

(ഇ) 17-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ (എൽ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എൽഎ) ഇൻഡ്യയിലെയും വിദേശത്തെയും വിവിധ സർവ്വകലാശാലകളിലേക്കും സ്ഥാപനങ്ങളിലേക്കും ക്രെഡിറ്റ് കൈമാറ്റത്തോടെ വിദ്യാർത്ഥികളുടെ അന്തർസർവ്വകലാശാല സ്ഥലംമാറ്റവും മൊബിലിറ്റിയും പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുക;".

(എഫ്) 18-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"18. ഗവേഷണ കൗൺസിൽ.—(1) ഗവേഷണം, നൂതന കണ്ടെത്തലുകൾ, അക്കാദമിക് സഹകരണം, സാങ്കേതികശാസ്ത്ര കൈമാറ്റം, ഗവേഷണവുമായി ബന്ധപ്പെട്ട തുടർപ്രവൃത്തികൾ എന്നിവയുമായി ബന്ധപ്പെട്ട ഏതൊരു കാര്യത്തിന്മേലും ചർച്ച ചെയ്യുന്നതിനും ആലോചിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി സർവ്വകലാശാലയ്ക്ക് ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കുന്നതാണ്.

(2) ഗവേഷണ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) റിസർച്ച് ഡയറക്ടർ, അദ്ദേഹം നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രൊഫസർ ആയിരിക്കേണ്ടതാണ്;

(ഇ) നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന നിർവ്വാഹകസമിതിയിലെ ഒരു അദ്ധ്യാപക അംഗം;

(എഫ്) നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ രണ്ട് ഡീൻമാർ;

(ജി) നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന ഗവേഷണത്തിൽ പ്രാഗൽഭ്യം തെളിയിച്ച സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള രണ്ട് വിദഗ്ധർ;

(എച്ച്) നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ ഒരു ഗവേഷണ വിദ്യാർത്ഥി;

(ഐ) ഡയറക്ടർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(ജെ) വകുപ്പ് മേധാവികൾ, അവർക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങൾ.

(3) ഗവേഷണ കൗൺസിലിന്റെ ചെയർപേഴ്സൺ വൈസ്-ചാൻസലർ ആയിരിക്കുന്നതും റിസർച്ച് ഡയറക്ടർ കൺവീനർ ആയിരിക്കുന്നതുമാണ്. ചെയർപേഴ്സന്റെ അഭാവത്തിൽ, ഹാജരായ അംഗങ്ങൾ അവർക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരു അംഗം ഗവേഷണ കൗൺസിലിന്റെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(4) ഗവേഷണ കൗൺസിലിലെ അംഗങ്ങൾ, അത് രൂപീകരിച്ച തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്കോ പുനഃസംഘടിപ്പിക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(5) ഗവേഷണ കൗൺസിൽ മാസത്തിൽ ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(6) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ രണ്ടിൽ ഒന്ന് ആയിരിക്കേണ്ടതാണ്.

(7) ഗവേഷണ കൗൺസിലിന്റെ ഏല്പിച്ചുകൊടുക്കാവുന്ന അധികാരങ്ങൾ ഉൾപ്പെടെയുള്ള അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.".

(ജി) 19-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

(എച്ച്) 22-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 22 എ. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.—(1) സർവ്വകലാശാലയിൽ ഒരു ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) സർവ്വകലാശാലയിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ് -ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) ഫിനാൻസ് ആഫീസർ;

(ഇ) നിർവ്വാഹകസമിതി അംഗങ്ങൾ, അവർക്കിടയിൽനിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ;

(എഫ്) നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ജി) പ്രാദേശിക സമൂഹം, വിദ്യാർത്ഥികൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(എച്ച്) തൊഴിലുടമകൾ, വ്യവസായികൾ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ.

(3) വൈസ്-ചാൻസലർ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ ആയിരിക്കേണ്ടതും നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ഡയറക്ടർ ആയിരിക്കേണ്ടതുമാണ്.

(4) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അംഗങ്ങൾ അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(5) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും ചുമതലകളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(6) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(7) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

22 ബി. വിദഗ്ദ്ധ സമിതി.—(1) ഔപചാരികമായി രൂപീകരിച്ച പഠന ബോർഡുകളുടെ അഭാവത്തിൽ പഠന ബോർഡുകളുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി നിർവ്വാഹകസമിതി ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കേണ്ടതാണ്.

(2) ഓരോ വിദഗ്ദ്ധ സമിതിക്കും നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന ഒരു ചെയർപേഴ്സൺ ഉണ്ടായിരിക്കേണ്ടതാണ്. ചെയർപേഴ്സൺ കുറഞ്ഞത് പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉള്ള അധ്യാപകനായിരിക്കേണ്ടതാണ് :

എന്നാൽ, പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസുള്ള അദ്ധ്യാപകരില്ലാത്തപക്ഷം ഏറ്റവും സീനിയറായ അദ്ധ്യാപകൻ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്.

(3) വിദഗ്ദ്ധ സമിതിയിലെ അംഗങ്ങൾക്ക് കുറഞ്ഞത് അഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ് :

എന്നാൽ, കുറഞ്ഞത് അഞ്ച് വർഷം റെഗുലർ സർവ്വീസുള്ള അദ്ധ്യാപകരില്ലെങ്കിൽ, അഞ്ച് വർഷത്തിൽ താഴെ റെഗുലർ സർവ്വീസുള്ള അദ്ധ്യാപകരെ പരിഗണിക്കേണ്ടതാണ്.

(4) ഓരോ വിദഗ്ദ്ധ സമിതിയിലും കുറഞ്ഞത് പത്ത് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അതിൽ ഒരാളെങ്കിലും സർവകലാശാലയ്ക്ക് പുറത്ത് നിന്നുള്ള ഒരു വിദഗ്ദ്ധനായിരിക്കേണ്ടതുമാണ്.

(5) വിദഗ്ദ്ധ സമിതിയുടെ ഘടനയും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(6) വിദഗ്ദ്ധ സമിതിയുടെ കാലാവധി നിർവ്വാഹകസമിതി തീരുമാനിക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള കാലാവധി രണ്ട് വർഷത്തിൽ അധികരിക്കാൻ പാടില്ലാത്തതാണ്.”.

(ഐ) 27-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“27. പ്രോ-ചാൻസലർ.—(1) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) പ്രോ-ചാൻസലർ, സന്നിഹിതനായിരിക്കുമ്പോൾ, ചാൻസലറുടെ അഭാവത്തിൽ പൊതുസഭയുടെ യോഗങ്ങളിലും സർവ്വകലാശാലയുടെ ഏതൊരു ബിരുദദാന ചടങ്ങിലും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) പ്രോ-ചാൻസലർക്ക് സർവ്വകലാശാലയുടെ അക്കാദമികവും ഭരണപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിവരവും വിളിച്ചുവരുത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള അർത്ഥന സർവ്വകലാശാല പാലിക്കേണ്ടതുമാണ്.

(4) പ്രോ-ചാൻസലർക്ക്, പ്രധാനപ്പെട്ടതെന്ന് അദ്ദേഹം കരുതുന്ന ഏതൊരു കാര്യമോ സർക്കാരിന്റെ നയത്തിൽപ്പെടുന്ന ഏതൊരു സംഗതിയോ, ചാൻസലറുടെയോ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഉചിതമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(5) പ്രോ-ചാൻസലർക്ക് അദ്ദേഹം നിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥരെയോ പ്രൊഫസർ പദവിയിൽ കുറയാത്ത അക്കാദമിക് വിദഗ്ദ്ധനെയോ, സർവ്വകലാശാലയെയും അതിന്റെ കെട്ടിടങ്ങളെയും ലബോറട്ടറികളെയും ഉപകരണങ്ങളെയും സർവ്വകലാശാല പരിപാലിക്കുന്ന ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ; കൂടാതെ പരീക്ഷകളെയും അദ്ധ്യാപനത്തെയും സർവ്വകലാശാല നടത്തിയിട്ടുള്ളതോ ചെയ്തിട്ടുള്ളതോ ആയ മറ്റു പ്രവൃത്തികളെയും സംബന്ധിച്ച് പരിശോധന നടത്തിപ്പിക്കുന്നതിനും സർവ്വകലാശാലയുടെയും കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമോ സാമ്പത്തികപരമോ ആയ ഏതൊരു സംഗതിയുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് സമാനരീതിയിൽ അന്വേഷണം നടത്തിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(6) പ്രോ-ചാൻസലർക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(7) പ്രോ-ചാൻസലർ, രേഖാമൂലമുള്ള ഉത്തരവിലൂടെ ചാൻസലർ ഏല്പിച്ചുകൊടുത്തേക്കാവുന്ന ചാൻസലറുടെ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും, അപ്രകാരമുള്ള ഏല്പിച്ചുകൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായിരിക്കാവുന്നതുമാണ്.".

(ജെ) 30-ാം വകുപ്പിൽ (6)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) സത്വര നടപടി എടുക്കേണ്ട ഒരു അടിയന്തരാവശ്യം ഉണ്ടെന്ന് വിശ്വസിക്കുന്നതിന് വൈസ്-ചാൻസലർക്ക് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ, ആവശ്യമാണെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള നടപടി സ്വീകരിക്കേണ്ടതും, അടിയന്തരാവശ്യത്തിനുള്ള കാരണവും അദ്ദേഹം സ്വീകരിച്ച നടപടികളും സാധാരണഗതിയിൽ ആ വിഷയം കൈകാര്യം ചെയ്യുമായിരുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ തൊട്ടടുത്ത യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ് .".

(കെ) 31-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ നിർവ്വാഹകസമിതി പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്. പ്രോ-വൈസ്-ചാൻസലർ, വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനം അവസാനിക്കുന്നതുവരെയുള്ള കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതും പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്.";

(ii) (2)-ാം ഉപവകുപ്പിൽ, "അൻപത്തിയാറ്" എന്ന വാക്കിന് പകരം "അറുപത്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (3)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(iv) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) പ്രോ-വൈസ്-ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ അക്കാദമിക-ഭരണനിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതും പ്രൊഫസർ അല്ലെങ്കിൽ അസോസിയേറ്റ് പ്രൊഫസർ തസ്തിക വഹിക്കുന്ന ആൾ ആയിരിക്കേണ്ടതുമാണ് .".

(എൽ) 39-ാം വകുപ്പിൽ (5)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) വൈസ്-ചാൻസലറും (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ളവരും ഒഴികെ സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ സാധാരണഗതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രായം അറുപത് വയസ്സ് ആയിരിക്കുന്നതാണ്.

(6) വൈസ്-ചാൻസലറുടെയും (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ളവരുടെയും സാധാരണഗതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രായം സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.”.

(എം) 41-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (9) സർവ്വകലാശാല ഫണ്ടിലുള്ള തുക സർക്കാരിന്റെ അംഗീകാരത്തോടുകൂടി സർവ്വകലാശാല നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ബാങ്കുകളിൽ സൂക്ഷിക്കുകയോ അങ്ങനെയുള്ള രീതിയിൽ നിക്ഷേപിക്കുകയോ ചെയ്യേണ്ടതാണ്.”.

(എൻ) 44-ാം വകുപ്പ് (4)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (5) മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രത്യേക പദ്ധതികൾക്കോ പ്രോഗ്രാമുകൾക്കോ വേണ്ടി എക്സ്റ്റേണൽ ഫണ്ടിംഗ് ഏജൻസികൾ അനുവദിച്ച ഫണ്ടുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ, ഫണ്ട് ചെയ്യുന്ന ഏജൻസി വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിൽ മാത്രം ഓഡിറ്റ് ചെയ്യേണ്ടതാണ്.".

(ഒ) 46-ാം വകുപ്പ് (5)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

“എന്നാൽ, സ്റ്റാറ്റ്യൂട്ട് ചാൻസലർക്ക് സമർപ്പിച്ച തീയതി മുതൽ അറുപതു ദിവസങ്ങൾക്കകം അതിന്മേൽ അദ്ദേഹം തീരുമാനമെടുക്കാത്തപക്ഷം, അതിന് അനുമതി നൽകിയതായി കരുതപ്പെടേണ്ടതാണ്.”.

(പി) 54-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ 54 എ. <u>വിദ്യാർത്ഥികളുടെ അവകാശങ്ങൾ</u>.—(1) വിദ്യാർത്ഥികൾക്ക്, അവർ പഠനം നടത്താനാഗ്രഹിക്കുന്ന സ്ഥാപനത്തിന്റെ പ്രോസ്പെക്ടസ് ലഭിക്കുന്നതിനും കോഴ്സ് തിരഞ്ഞെടുപ്പിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും യുക്തമായ തീരുമാനങ്ങൾ എടുക്കുന്നതിന് സഹായകരമായ വിവരങ്ങൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) വിദ്യാർത്ഥികൾക്ക്, അവർ രജിസ്റ്റർ ചെയ്ത ഓരോ കോഴ്സിന്റെയും വിശദവും പൂർണ്ണവുമായ രൂപരേഖ ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അത് ക്ലാസിന്റെ ആദ്യ ആഴ്ചയിൽ നൽകേണ്ടതുമാണ്. ഈ വിവരങ്ങളിൽ,—

(എ) കോഴ്സിൽ പരിഗണിക്കേണ്ട വിഷയങ്ങളുടെ വിവരണം;

(ബി) ആവശ്യമായതും ശിപാർശ ചെയ്യപ്പെട്ടതുമായ, വായനക്കോ പഠനത്തിനോ ഉള്ള സാമഗ്രികളുടെ ഒരു ലിസ്റ്റ്;

(സി) കോഴ്സിൽ ഉപയോഗിക്കേണ്ടതായ മൂല്യനിർണ്ണയ രീതികളുടെ വിവരണം; കൂടാതെ

(ഡി) ഇൻസ്ട്രക്ടറെ ബന്ധപ്പെടാനുള്ള വിവരങ്ങൾ, ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം, ഓഫീസ് സമയം എന്നിവ ഉൾപ്പെടേണ്ടതാണ്.

(3) വിദ്യാർത്ഥികൾക്ക്, തൃപ്തികരമായ അക്കാദമിക വിദ്യാഭ്യാസം നേടുന്നതിനും അവരുടെ നിർദ്ദിഷ്ട പഠനലക്ഷ്യങ്ങളും ക്രെഡിറ്റ് ആവശ്യകതയും കൈവരിക്കുന്നതിനായി മുഖാമുഖമായോ ഓൺലൈനായോ പഠനം നടത്താനാവശ്യമായ അദ്ധ്യാപന മണിക്കൂറുകൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(4) വിദ്യാർത്ഥികൾക്ക്, അവരുടെ താൽപര്യാർത്ഥം, ഏതെങ്കിലും വിദ്യാർത്ഥി സംഘടനയിൽ അംഗമാകുന്നതിനും പ്രവർത്തിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. അത്തരം സംഘടനയുടെ ആവശ്യങ്ങൾ നിയമാനുസൃതമായിരിക്കേണ്ടതാണ്. അങ്ങനെയുള്ള സംഘടനകൾക്ക് തങ്ങളുടെ ആശയങ്ങൾ പരസ്യപ്പെടുത്തുന്നതിനും യോഗങ്ങൾ നടത്തുന്നതിനും ചർച്ചകൾ നടത്തുന്നതിനും നിയമാനുസൃതവും സമാധാനപരവുമായ പ്രകടനത്തിൽ ഏർപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(5) സർവ്വകലാശാലയും അതിൻകീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളുടെ ഒരു ഔപചാരിക പ്രാതിനിധ്യ സമിതി രൂപീകരിക്കേണ്ടതും, ആ സമിതിയിൽ, സർവ്വകലാശാലയുടെ തീരുമാനത്തിനനുസരിച്ച് വിദ്യാർത്ഥികളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനായി തിരഞ്ഞെടുപ്പുകൾ വർഷംതോറും നടത്തേണ്ടതുമാണ്.

(6) സർവ്വകലാശാലയുടെ പഠന വകുപ്പുകളും സർവ്വകലാശാലയ്ക്ക് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികൾക്കുള്ള ഈ അവകാശങ്ങൾ നിരീക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(7) ഓരോ വിദ്യാർത്ഥിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

54 ബി. <u>വിദ്യാർത്ഥികളുടെ പരാതി പരിഹാര സംവിധാനം</u>.—(1) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി വിദ്യാർത്ഥികളുടെ ഒരു പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

(2) അത്തരം സംവിധാനത്തിന്റെ രൂപീകരണം, അധികാരങ്ങൾ, ചുമതലകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

54 സി. അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും.—(1) അദ്ധ്യാപകർക്ക് അക്കാദമിക സ്വാതന്ത്ര്യത്തിനും അന്വേഷണം, അഭിപ്രായപ്രകടനം, സംഘംചേരൽ എന്നിവയ്ക്കുള്ള സ്വാതന്ത്ര്യത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) അദ്ധ്യാപകർക്ക്, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി, അക്കാദമിക പ്രോഗ്രാമുകൾ, പാഠ്യപദ്ധതി, സിലബസ്, മൂല്യനിർണ്ണയം എന്നിവ രൂപകല്പന ചെയ്യുന്നതിനുള്ള അക്കാദമിക സ്വയംഭരണാധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) അദ്ധ്യാപകർക്കോ അവരുടെ അംഗീകൃത സംഘങ്ങൾക്കോ സംഘടനകൾക്കോ സർവ്വകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെ, ലിഖിതമായതോ അച്ചടിച്ചതോ ഇലക്ട്രോണിക് രൂപത്തിലുള്ളതോ ആയ മെറ്റീരിയലുകൾ കാമ്പസിൽ വിതരണം ചെയ്യുകയും പ്രദർശിപ്പിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ, അപ്രകാരം വിതരണം ചെയ്യുന്ന മെറ്റീരിയൽ സർവ്വകലാശാലയുടെ നയത്തിനും സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾക്കും വിരുദ്ധമാകാൻ പാടുള്ളതല്ല. അങ്ങനെയുള്ള മെറ്റീരിയലിൽ അതിന് ഉത്തരവാദിയായ വ്യക്തിയെയോ വ്യക്തികളെയോ അവർ പ്രതിനിധാനം ചെയ്യുന്ന സംഘങ്ങളെയോ സംഘടനകളെയോ ഉൾപ്പെടെ വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്.

(4) അദ്ധ്യാപകർക്ക്, വിഭവങ്ങളുടെ ലഭ്യതയ്ക്ക് അനുസൃതമായി, അദ്ധ്യാപകരുടെ ഉത്തരവാദിത്വവുമായി ബന്ധപ്പെട്ട അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും തുടർപഠന അവസരങ്ങൾ പിന്തുടരാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(5) അദ്ധ്യാപകർക്ക്, അവരുടെ മറ്റ് അക്കാദമിക ചുമതലകളുടെ തൃപ്തികരമായ പ്രവർത്തനങ്ങൾക്ക് വിധേയമായി, ഗവേഷണത്തിലും ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും പൂർണ്ണ സ്വാതന്ത്ര്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) അദ്ധ്യാപകരുടെ അദ്ധ്യാപന ചുമതലകളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:—

(എ) കോഴ്സ് നൽകുന്നതിനുള്ള രീതിക്ക് യോജിച്ച ക്ലാസ് മുറി അല്ലെങ്കിൽ ഓൺലൈൻ പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്യുക;

(ബി) കോഴ്സ് സിലബസ് തയ്യാറാക്കുക;

(സി) അസൈൻമെന്റുകളും പരീക്ഷകളും മൂല്യനിർണ്ണയവും രൂപകല്പന ചെയ്യുക;

(ഡി) ഓഫീസ് സമയം സ്ഥിരമായി പാലിക്കുക അല്ലെങ്കിൽ കൂടിയാലോചനക്ക് ലഭ്യമായിരിക്കുക;

(ഇ) വിദ്യാർത്ഥികൾ ഏറ്റെടുത്തിട്ടുള്ള ഇന്റേൺഷിപ്പ്, അപ്രന്റീസ്ഷിപ്പ് മുതലായവയുടെ മേൽനോട്ടം വഹിക്കുക;

(എഫ്) തീസിസുകളും പ്രബന്ധങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുക;

(ജി) വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം നടത്തുക;

(എച്ച്) വിദ്യാർത്ഥികളുടെ പഠനത്തെ തുടരെ വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുക;

(ഐ) ഉപദേശം നൽകുക, പാഠ്യപദ്ധതി വികസിപ്പിക്കുകയും നിർണ്ണയിക്കുകയും ചെയ്യുക;

(ജെ) വിദ്യാർത്ഥി മെന്റർ പ്രോഗ്രാമുകൾ, അദ്ധ്യാപക സേവനങ്ങൾ, പഠന നൈപുണ്യ ശില്പശാലകൾ, പ്രത്യേക ഇവന്റുകൾ, ഗവേഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഗവേഷണം നടത്തൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പ്രോജക്റ്റുകൾക്കോ തുടർപ്രവർത്തനങ്ങൾക്കോ ഉള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക.

(7) അക്കാദമിക ഉപദേശം നൽകൽ, അദ്ധ്യാപകന്റെ ഉത്തരവാദിത്വത്തിന്റെ ഒരു ഭാഗമായിരിക്കുന്നതാണ്.

(8) അദ്ധ്യാപന ഉത്തരവാദിത്വം എന്നതിൽ കോഴ്സ് പ്രദാനം ചെയ്യേണ്ട രീതിക്ക് അനുയോജ്യമായി ക്ലാസ് മുറിയിൽ നേരിട്ടോ ഓൺലൈനായോ നിശ്ചയിക്കപ്പെട്ട ക്ലാസ് സമയങ്ങളിലെ കൃത്യവും സ്ഥിരമായതുമായ സാന്നിദ്ധ്യം ഉൾപ്പെടുന്നതാണ്.

(9) ഒരു അദ്ധ്യാപകൻ വിദ്യാർത്ഥികളോട് പ്രൊഫഷണൽ മര്യാദയോടെ പെരുമാറേണ്ടതും അക്കാദമിക സ്വാതന്ത്ര്യവും ഈ ആക്റ്റിലെ 54 എ വകുപ്പ് പ്രകാരമുള്ള അവകാശങ്ങളും ഉൾപ്പെടെയുള്ള അവരുടെ അവകാശങ്ങളെ മാനിക്കേണ്ടതുമാണ്.

(10) സർവ്വകലാശാലയിലെ എല്ലാ അദ്ധ്യാപകർക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കുന്നതാണ്.".

(ക്യൂ) 55-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"55 എ. സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം.—(1) സർവ്വകലാശാലയ്ക്ക് അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി, അതിന്റെ ഏതെങ്കിലും ഏജൻസി മുഖേന സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിലുള്ള സമഗ്രമായ ഒരു റിസോഴ്സ് പ്ലാനിംഗ് മാനേജ്മെന്റ് സംവിധാനം ഉണ്ടായിരിക്കുകയോ സർക്കാർ സ്ഥാപിച്ചിട്ടുള്ള അങ്ങനെയുള്ള ഒരു സംവിധാനത്തിന്റെ ഭാഗമാകുകയോ ചെയ്യേണ്ടതും അത് സർവ്വകലാശാലയുടെ വിവിധ വകുപ്പുകൾക്കും യൂണിറ്റുകൾക്കും കീഴിലെ പ്രധാനമായ ഭരണപരം, അക്കാദമികം, മാനവവിഭവശേഷി, സാമ്പത്തികം, പരീക്ഷ, മറ്റു നടപടികൾ എന്നിവയുടെ ഭരണനിർവ്വഹണത്തിനുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി സംയോജിപ്പിക്കുകയും യന്ത്രവൽക്കരിക്കുകയും സ്ട്രീംലൈൻ ചെയ്യുകയും ചെയ്യേണ്ടതുമാണ്.

(2) സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റത്തിന്റെ നയവും പ്രോഗ്രാമും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതാണ്.

55 ബി. റൂൾസ് ഓഫ് ബിസിനസ്സ്.—(1) സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായും വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള ഭരണനിർവ്വഹണത്തിന്റെ ഫലപ്രദമായ ഉപയോഗത്തിനായും പുനർനിർമ്മാണം അടിസ്ഥാനമാക്കിയുള്ള റൂൾസ് ഓഫ് ബിസിനസ്സ് ഉണ്ടാക്കേണ്ടതാണ്.

(2) റൂൾസ് ഓഫ് ബിസിനസ്സ് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതും ബാധകമായേക്കാവുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി കാലാകാലങ്ങളിൽ ഭേദഗതി ചെയ്യേണ്ടതുമാണ്.

55 സി. ഗവേഷണ പാർക്കുകൾ.—(1) സർവ്വകലാശാലയ്ക്ക് ആങ്കർ ക്ലയന്റുകൾ, പൂർവ്വ വിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിവയിൽ നിന്നുള്ള നിക്ഷേപം ഉപയോഗിച്ച് 2013-ലെ കമ്പനീസ് ആക്റ്റിന്റെ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പ് പ്രകാരമുള്ള കമ്പനികളായി സ്ഥാപിക്കപ്പെടാവുന്ന സ്വതന്ത്ര ഗവേഷണ പാർക്കുകളോ മറ്റ് സമാന സ്ഥാപനങ്ങളോ സ്ഥാപിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ ഗവേഷണ പാർക്കിനും കമ്പനികൾക്കും ഒരു സ്വതന്ത്ര ഗവേണിംഗ് ബോഡി ഉണ്ടായിരിക്കേണ്ടതാണ്. ഗവേഷണ പാർക്കിന്റെ നയവും പ്രോഗ്രാമും ഗവേണിംഗ് ബോഡിയുടെ ഘടനയും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.".

4. 2015-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17),—

(എ) 2-ാം വകുപ്പിൽ, (ഇസഡ്ആർ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഇസഡ്എസ്) "പരാതി" എന്നാൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട് സങ്കടമനുഭവിക്കുന്ന വിദ്യാർത്ഥി നൽകുന്ന പരാതി എന്നർത്ഥമാകുന്നു;

(ഇസഡ്റ്റി) "ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ" എന്നാൽ 35 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നർത്ഥമാകുന്നു;

(ഇസഡ്യു) "ഗവേഷണ പാർക്ക്" എന്നാൽ 69 സി വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഗവേഷണ പാർക്ക് എന്നർത്ഥമാകുന്നു;

(ഇസഡ്വി) "യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ" എന്നാൽ 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്റ്റ് (1956-ലെ 3-ാം കേന്ദ്ര ആക്റ്റ്) പ്രകാരം സ്ഥാപിതമായ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഇസഡ്ഡബ്ല്യൂ) "സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം" എന്നാൽ 69 എ വകുപ്പ് പ്രകാരം സ്ഥാപിക്കുന്ന സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം എന്നർത്ഥമാകുന്നു.".

(ബി) 11-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 11. പ്രോ-ചാൻസലർ.—(1) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) പ്രോ-ചാൻസലർ, സന്നിഹിതനായിരിക്കുമ്പോൾ, ചാൻസലറുടെ അഭാവത്തിൽ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ യോഗങ്ങളിലും സർവ്വകലാശാലയുടെ ഏതൊരു ബിരുദദാന ചടങ്ങിലും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) പ്രോ-ചാൻസലർക്ക് സർവ്വകലാശാലയുടെ അക്കാദമികവും ഭരണപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിവരവും വിളിച്ചുവരുത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള അർത്ഥന സർവ്വകലാശാല പാലിക്കേണ്ടതുമാണ്.

(4) പ്രോ-ചാൻസലർക്ക്, പ്രധാനപ്പെട്ടതെന്ന് അദ്ദേഹം കരുതുന്ന ഏതൊരു കാര്യമോ സർക്കാരിന്റെ നയത്തിൽപ്പെടുന്ന ഏതൊരു സംഗതിയോ, ചാൻസലറുടെയോ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഉചിതമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(5) പ്രോ-ചാൻസലർക്ക് അദ്ദേഹം വിനിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥരെയോ പ്രൊഫസർ പദവിയിൽ കുറയാത്ത അക്കാദമിക് വിദഗ്ദ്ധനെയോ, സർവ്വകലാശാലയെയും അതിന്റെ കെട്ടിടങ്ങളെയും ലബോറട്ടറികളെയും ഉപകരണങ്ങളെയും സർവ്വകലാശാല പരിപാലിക്കുന്ന ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ; കൂടാതെ പരീക്ഷകളെയും അദ്ധ്യാപനത്തെയും സർവ്വകലാശാല നടത്തിയിട്ടുള്ളതോ ചെയ്തിട്ടുള്ളതോ ആയ മറ്റു പ്രവൃത്തികളെയും സംബന്ധിച്ച്, പരിശോധന നടത്തിപ്പിക്കുന്നതിനും സർവ്വകലാശാലയുടെയും അഫിലിയേറ്റ് ചെയ്ത കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമോ സാമ്പത്തികപരമോ ആയ ഏതൊരു സംഗതിയുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് സമാനരീതിയിൽ അന്വേഷണം നടത്തിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(6) പ്രോ-ചാൻസലർക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(7) പ്രോ-ചാൻസലർ, രേഖാമൂലമുള്ള ഉത്തരവിലൂടെ ചാൻസലർ ഏല്പിച്ചുകൊടുത്തേക്കാവുന്ന ചാൻസലറുടെ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതും, അപ്രകാരമുള്ള ഏല്പിച്ചുകൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായിരിക്കാവുന്നതുമാണ്.".

(സി) 14-ാം വകുപ്പ് (5)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) സത്വര നടപടി എടുക്കേണ്ട ഒരു അടിയന്തരാവശ്യം ഉണ്ടെന്ന് വിശ്വസിക്കുന്നതിന് വൈസ്-ചാൻസലർക്ക് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ, ആവശ്യമാണെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള നടപടി സ്വീകരിക്കേണ്ടതും, അടിയന്തരാവശ്യത്തിനുള്ള കാരണവും അദ്ദേഹം സ്വീകരിച്ച നടപടികളും, സാധാരണഗതിയിൽ ആ വിഷയം കൈകാര്യം ചെയ്യുമായിരുന്ന അങ്ങനെയുള്ള

അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ തൊട്ടടുത്ത യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.”.

(ഡി) 15-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (1) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ സിൻഡിക്കേറ്റ് പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്. പ്രോ-വൈസ്-ചാൻസലർ, വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനം അവസാനിക്കുന്നതുവരെയുള്ള കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്. ”;

(ii) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“(3) പ്രോ-വൈസ്-ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ അക്കാദമിക-ഭരണനിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതും പ്രൊഫസർ അല്ലെങ്കിൽ അസോസിയേറ്റ് പ്രൊഫസർ തസ്തിക വഹിക്കുന്ന ആൾ ആയിരിക്കേണ്ടതുമാണ്.”;

(iii) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (4) പ്രോ-വൈസ്-ചാൻസലർ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തോടെ വൈസ്-ചാൻസലർ ഏല്പിച്ചുകൊടുക്കുന്നതുമായ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.”.

(ഇ) 34-ാം വകുപ്പിൽ,—

(i) (ix)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

“(ix എ) സർവ്വകലാശാലയിൽ തുടർപഠനം നടത്തുന്നതിനായി മറ്റ് സർവ്വകലാശാലകളുടെ പരീക്ഷകൾ, ഡിപ്ലോമകൾ, ബിരുദങ്ങൾ, മറ്റ് അക്കാദമിക ബഹുമതികൾ എന്നിവ യോഗ്യമാണോ എന്ന് തീരുമാനിക്കുക;

(ix ബി) ഇൻഡ്യയിലെയും വിദേശത്തെയും വിവിധ സർവ്വകലാശാലകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും ക്രെഡിറ്റ് കൈമാറ്റത്തോടെ വിദ്യാർത്ഥികളുടെ അന്തർസർവ്വകലാശാല സ്ഥലംമാറ്റവും മൊബിലിറ്റിയും പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുക;

(ix സി) മറ്റ് സർവ്വകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ആർജ്ജിച്ചിട്ടുള്ള ക്രെഡിറ്റുകൾ സർവ്വകലാശാലയുടെ അതേ പ്രോഗ്രാമിലേയ്ക്കോ വ്യത്യസ്ത പ്രോഗ്രാമിലേയ്ക്കോ കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുക;".

(എഫ്) 35-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"35 എ. <u>ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ</u>.—(1) സർവ്വകലാശാലയിലും അതിന്റെ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലും ഒരു ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) സർവ്വകലാശാലയിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) ഫിനാൻസ് ഓഫീസർ;

(ഇ) ഡീൻ അക്കാദമിക്;

(എഫ്) ഡീൻ റിസർച്ച്;

(ജി) സിൻഡിക്കേറ്റ് അംഗങ്ങൾ അവർക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ;

(എച്ച്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ഐ) പ്രാദേശിക സമൂഹം, വിദ്യാർത്ഥികൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആൾ വീതം;

(ജെ) തൊഴിലുടമകൾ, വ്യവസായികൾ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആൾ വീതം.

(3) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ വൈസ്-ചാൻസലർ ആയിരിക്കേണ്ടതും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ ഡയറക്ടർ ആയിരിക്കേണ്ടതുമാണ്.

(4) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെയും കോൺസ്റ്റിറ്റ്യുവന്റ് കോളേജിലെയും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) പ്രിൻസിപ്പൽ;

(ബി) മാനേജ്മെന്റിന്റെ ഒരു പ്രതിനിധി;

(സി) കോളേജ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ഡി) ലോക്കൽ സൊസൈറ്റി, വിദ്യാർത്ഥികൾ, അലുമിനി എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആൾ വീതം;

(ഇ) തൊഴിലുടമകൾ, വ്യവസായികൾ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആൾ വീതം;

(എഫ്) കോളേജ് സൂപ്രണ്ട്;

(ജി) ലൈബ്രേറിയൻ.

(5) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ പ്രിൻസിപ്പൽ ആയിരിക്കുന്നതും കോളേജ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപക അംഗം കോ-ഓർഡിനേറ്റർ ആയിരിക്കേണ്ടതുമാണ്.

(6) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അംഗങ്ങൾ അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(7) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും ചുമതലകളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(8) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ മൂന്ന് മാസത്തിൽ ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(9) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.".

(ജി) 41-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

" 41 എ. <u>വിദ്യാർത്ഥികളുടെ അവകാശങ്ങൾ</u>.—(1) വിദ്യാർത്ഥികൾക്ക്, അവർ പഠനം നടത്താനാഗ്രഹിക്കുന്ന സ്ഥാപനത്തിന്റെ പ്രോസ്പെക്ടസ് ലഭിക്കുന്നതിനും

കോഴ്സ് തെരഞ്ഞെടുപ്പിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും യുക്തമായ തീരുമാനങ്ങൾ എടുക്കുന്നതിന് സഹായകരമായ വിവരങ്ങൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) വിദ്യാർത്ഥികൾക്ക്, അവർ രജിസ്റ്റർ ചെയ്ത ഓരോ കോഴ്സിന്റെയും വിശദവും പൂർണ്ണവുമായ രൂപരേഖ ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അത് ക്ലാസിന്റെ ആദ്യ ആഴ്ചയിൽ നൽകേണ്ടതുമാണ്. ഈ വിവരങ്ങളിൽ,—

(എ) കോഴ്സിൽ പരിഗണിക്കേണ്ട വിഷയങ്ങളുടെ വിവരണം;

(ബി) ആവശ്യമായതും ശിപാർശ ചെയ്യപ്പെട്ടതുമായ, വായനയ്ക്കോ പഠനത്തിനോ ഉള്ള സാമഗ്രികളുടെ ഒരു ലിസ്റ്റ്;

(സി) കോഴ്സിൽ ഉപയോഗിക്കേണ്ടതായ മൂല്യനിർണ്ണയ രീതികളുടെ വിവരണം; കൂടാതെ

(ഡി) ഇൻസ്ട്രക്ടറെ ബന്ധപ്പെടാനുള്ള വിവരങ്ങൾ, ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം, ഓഫീസ് സമയം എന്നിവ ഉൾപ്പെടേണ്ടതാണ്.

(3) വിദ്യാർത്ഥികൾക്ക്, തൃപ്തികരമായ അക്കാദമിക വിദ്യാഭ്യാസം നേടുന്നതിനും അവരുടെ നിർദ്ദിഷ്ട പഠനലക്ഷ്യങ്ങളും ക്രെഡിറ്റ് ആവശ്യകതയും കൈവരിക്കുന്നതിനായി മുഖാമുഖമായോ ഓൺലൈനായോ പഠനം നടത്താനാവശ്യമായ അദ്ധ്യാപന മണിക്കൂറുകൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(4) വിദ്യാർത്ഥികൾക്ക്, അവരുടെ താല്പര്യാർത്ഥം, ഏതെങ്കിലും വിദ്യാർത്ഥി സംഘടനയിൽ അംഗമാകുന്നതിനും പ്രവർത്തിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. അങ്ങനെയുള്ള സംഘടനയുടെ ആവശ്യങ്ങൾ നിയമാനുസൃതമായിരിക്കേണ്ടതാണ്. അത്തരം സംഘടനകൾക്ക് തങ്ങളുടെ ആശയങ്ങൾ പരസ്യപ്പെടുത്തുന്നതിനും യോഗങ്ങൾ നടത്തുന്നതിനും ചർച്ചകൾ നടത്തുന്നതിനും നിയമാനുസൃതവും സമാധാനപരവുമായ പ്രകടനത്തിൽ ഏർപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(5) സർവ്വകലാശാലയും അതിൻകീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളുടെ ഒരു ഔപചാരിക പ്രാതിനിധ്യ സമിതി രൂപീകരിക്കേണ്ടതും, ആ സമിതിയിൽ, സർവ്വകലാശാലയുടെ തീരുമാനത്തിനനുസരിച്ച് വിദ്യാർത്ഥികളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനായി തെരഞ്ഞെടുപ്പുകൾ വർഷംതോറും നടത്തേണ്ടതുമാണ്.

(6) സർവ്വകലാശാലയുടെ പഠന വകുപ്പുകളും സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികൾക്കുള്ള ഈ അവകാശങ്ങൾ നിരീക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(7) ഓരോ വിദ്യാർത്ഥിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

41 ബി. വിദ്യാർത്ഥികളുടെ പരാതി പരിഹാര സംവിധാനം.—(1) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി വിദ്യാർത്ഥികളുടെ ഒരു പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

(2) അത്തരം സംവിധാനത്തിന്റെ രൂപീകരണം, അധികാരങ്ങൾ, ചുമതലകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

41 സി. അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും.—(1) അദ്ധ്യാപകർക്ക് അക്കാദമിക സ്വാതന്ത്ര്യത്തിനും അന്വേഷണം, അഭിപ്രായപ്രകടനം, സംഘംചേരൽ എന്നിവയ്ക്കുള്ള സ്വാതന്ത്ര്യത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) അദ്ധ്യാപകർക്ക്, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി, അക്കാദമിക പ്രോഗ്രാമുകൾ, പാഠ്യപദ്ധതി, സിലബസ്, മൂല്യനിർണ്ണയം എന്നിവ രൂപകല്പന ചെയ്യുന്നതിനുള്ള അക്കാദമിക സ്വയംഭരണാധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) അദ്ധ്യാപകർക്കോ അവരുടെ അംഗീകൃത സംഘങ്ങൾക്കോ സംഘടനകൾക്കോ സർവ്വകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെ, ലിഖിതമായതോ അച്ചടിച്ചതോ ഇലക്ട്രോണിക് രൂപത്തിലുള്ളതോ ആയ മെറ്റീരിയലുകൾ കാമ്പസിൽ വിതരണം ചെയ്യുകയും പ്രദർശിപ്പിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ, അപ്രകാരം വിതരണം ചെയ്യുന്ന മെറ്റീരിയൽ സർവ്വകലാശാലയുടെ നയത്തിനും സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾക്കും വിരുദ്ധമാകാൻ പാടുള്ളതല്ല. അങ്ങനെയുള്ള മെറ്റീരിയലിൽ അതിന് ഉത്തരവാദിയായ വ്യക്തിയെയോ വ്യക്തികളെയോ അവർ പ്രതിനിധാനം ചെയ്യുന്ന സംഘങ്ങളെയോ സംഘടനകളെയോ ഉൾപ്പെടെ വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്.

(4) അദ്ധ്യാപകർക്ക്, വിഭവങ്ങളുടെ ലഭ്യതയ്ക്ക് അനുസൃതമായി, അദ്ധ്യാപകരുടെ ഉത്തരവാദിത്വവുമായി ബന്ധപ്പെട്ട അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും തുടർപഠന അവസരങ്ങൾ പിന്തുടരാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(5) അദ്ധ്യാപകർക്ക്, അവരുടെ മറ്റ് അക്കാദമിക ചുമതലകളുടെ തൃപ്തികരമായ പ്രവർത്തനങ്ങൾക്ക് വിധേയമായി, ഗവേഷണത്തിലും ഗവേഷണഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും പൂർണ്ണ സ്വാതന്ത്ര്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) അദ്ധ്യാപകരുടെ അദ്ധ്യാപന ചുമതലകളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:—

(എ) കോഴ്സ് നൽകുന്നതിനുള്ള രീതിക്ക് യോജിച്ച ക്ലാസ് മുറി അല്ലെങ്കിൽ ഓൺലൈൻ പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്യുക;

(ബി) കോഴ്സ് സിലബസ് തയ്യാറാക്കുക;

(സി) അസൈൻമെന്റുകളും പരീക്ഷകളും മൂല്യനിർണ്ണയവും രൂപകല്പന ചെയ്യുക;

(ഡി) ഓഫീസ് സമയം സ്ഥിരമായി പാലിക്കുക അല്ലെങ്കിൽ കൂടിയാലോചനയ്ക്ക് ലഭ്യമായിരിക്കുക;

(ഇ) വിദ്യാർത്ഥികൾ ഏറ്റെടുത്തിട്ടുള്ള ഇന്റേൺഷിപ്പ്, അപ്രെന്റിസ്ഷിപ്പ് മുതലായവയുടെ മേൽനോട്ടം വഹിക്കുക;

(എഫ്) തീസിസുകളും പ്രബന്ധങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുക;

(ജി) വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം നടത്തുക;

(എച്ച്) വിദ്യാർത്ഥികളുടെ പഠനത്തെ തുടരെ വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുക;

(ഐ) ഉപദേശം നൽകുക, പാഠ്യപദ്ധതി വികസിപ്പിക്കുകയും നിർണ്ണയിക്കുകയും ചെയ്യുക;

(ജെ) വിദ്യാർത്ഥി മെന്റർ പ്രോഗ്രാമുകൾ, അദ്ധ്യാപക സേവനങ്ങൾ, പഠന നൈപുണ്യ ശില്പശാലകൾ, പ്രത്യേക ഇവന്റുകൾ, ഗവേഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഗവേഷണം നടത്തൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പ്രോജക്റ്റുകൾക്കോ തുടർപ്രവർത്തനങ്ങൾക്കോ ഉള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക.

(7) അക്കാദമിക ഉപദേശം നൽകൽ, അദ്ധ്യാപകന്റെ ഉത്തരവാദിത്വത്തിന്റെ ഒരു ഭാഗമായിരിക്കുന്നതാണ്.

(8) അദ്ധ്യാപന ഉത്തരവാദിത്വം എന്നതിൽ കോഴ്സ് പ്രദാനം ചെയ്യേണ്ട രീതിക്ക് അനുയോജ്യമായി ക്ലാസ് മുറിയിൽ നേരിട്ടോ ഓൺലൈനായോ നിശ്ചയിക്കപ്പെട്ട ക്ലാസ് സമയങ്ങളിലെ കൃത്യവും സ്ഥിരമായതുമായ സാന്നിദ്ധ്യം ഉൾപ്പെടുന്നതാണ്.

(9) ഒരു അദ്ധ്യാപകൻ വിദ്യാർത്ഥികളോട് പ്രൊഫഷണൽ മര്യാദയോടെ പെരുമാറേണ്ടതും അക്കാദമിക സ്വാതന്ത്ര്യവും ഈ ആക്റ്റിലെ 41 എ വകുപ്പ് പ്രകാരമുള്ള അവകാശങ്ങൾ ഉൾപ്പെടെയുള്ള അവരുടെ അവകാശങ്ങളെ മാനിക്കേണ്ടതുമാണ്.

(10) സർവ്വകലാശാലയിലെ എല്ലാ അദ്ധ്യാപകർക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കുന്നതാണ്.”.

(എച്ച്) 43-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (v)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, സ്റ്റാറ്റ്യൂട്ട് ചാൻസലർക്ക് സമർപ്പിച്ച തീയതി മുതൽ അറുപതു ദിവസങ്ങൾക്കകം അതിന്മേൽ അദ്ദേഹം തീരുമാനമെടുക്കാത്തപക്ഷം, അതിന് അനുമതി നൽകിയതായി കരുതപ്പെടേണ്ടതാണ്.".

(ഐ) 53-ാം വകുപ്പ് (10)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(11) മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രത്യേക പദ്ധതികൾക്കോ പ്രോഗ്രാമുകൾക്കോ വേണ്ടി എക്സ്റ്റേണൽ ഫണ്ടിംഗ് ഏജൻസികൾ അനുവദിച്ച ഫണ്ടുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ, ഫണ്ട് ചെയ്യുന്ന ഏജൻസി വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിൽ മാത്രം ഓഡിറ്റ് ചെയ്യേണ്ടതാണ്.".

(ജെ) 62-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"62 എ. കോളേജ് കൗൺസിൽ.—(1) സർവ്വകലാശാലയുടെ എല്ലാ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലും ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി ഒരു കോളേജ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) കോളേജ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) പ്രിൻസിപ്പൽ- ചെയർപേഴ്സൺ;

(ബി) വൈസ്-പ്രിൻസിപ്പൽ;

(സി) സിംഗിൾ ഫാക്കൽറ്റി ഡിപ്പാർട്ട്മെന്റുകളും ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റും എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റും ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലും നിന്നുള്ള വകുപ്പ് മേധാവികൾ;

(ഡി) തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർ;

(ഇ) കോളേജ് ലൈബ്രേറിയൻ;

(എഫ്) കോ-ഓർഡിനേറ്റർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(ജി) സൂപ്രണ്ട്.

(3) പ്രത്യേക കാര്യങ്ങളിൽ നാഷണൽ കേഡറ്റ് കോർപ്സ് ഓഫീസർമാർ, നാഷണൽ സർവ്വീസ് സ്കീം ഓഫീസർമാർ, ഹോസ്റ്റൽ വാർഡൻ, കോളേജ് യൂണിയൻ ചെയർപേഴ്സൺ അല്ലെങ്കിൽ കോളേജ് പ്രത്യേക ചുമതലകൾ നൽകുന്ന മറ്റേതെങ്കിലും വ്യക്തികൾ എന്നിവരുടെ അഭിപ്രായം സ്വീകരിക്കേണ്ടത് യുക്തമാണെന്ന് കോളേജ് കൗൺസിൽ കരുതുന്നപക്ഷം അവരെ കോളേജ് കൗൺസിലിലേയ്ക്ക് ക്ഷണിക്കേണ്ടതാണ്.

(4) ഓരോ മുപ്പത് അദ്ധ്യാപകർക്കും അല്ലെങ്കിൽ അവരുടെ വിഭാഗത്തിനും, കോളേജ് കൗൺസിലിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗം ഉണ്ടായിരിക്കേണ്ടതാണ്.

(5) തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ കാലാവധി അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നത് മുതൽ രണ്ട് വർഷക്കാലമായിരിക്കുന്നതാണ്:

എന്നാൽ, തെരഞ്ഞെടുക്കപ്പെട്ട അംഗം അദ്ദേഹത്തിന്റെ കാലാവധി പൂർത്തിയായ ശേഷം അദ്ദേഹത്തിന്റെ പിൻഗാമി ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നതുവരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(6) റൊട്ടേഷൻ വഴി ഡിപ്പാർട്ട്മെന്റ് തലവനെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള നടപടിക്രമം, കോളേജ് കൗൺസിലിലേയ്ക്കുള്ള അദ്ധ്യാപകരുടെ തെരഞ്ഞെടുപ്പ്, കോളേജ് കൗൺസിലിന്റെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.".

(കെ) 69-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

" 69 എ. സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം.—(1) സർവ്വകലാശാലയ്ക്ക് അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി, അതിന്റെ ഏതെങ്കിലും ഏജൻസി മുഖേന സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിലുള്ള സമഗ്രമായ ഒരു റിസോഴ്സ് പ്ലാനിംഗ് മാനേജ്മെന്റ് സംവിധാനം ഉണ്ടായിരിക്കുകയോ സർക്കാർ സ്ഥാപിച്ചിട്ടുള്ള അങ്ങനെയുള്ള ഒരു സംവിധാനത്തിന്റെ ഭാഗമാകുകയോ ചെയ്യേണ്ടതും അത് സർവ്വകലാശാലയുടെ വിവിധ വകുപ്പുകൾക്കും യൂണിറ്റുകൾക്കും കീഴിലെ പ്രധാനമായ

ഭരണപരം, അക്കാദമികം, മാനവവിഭവശേഷി, സാമ്പത്തികം, പരീക്ഷ, മറ്റു നടപടികൾ എന്നിവയുടെ ഭരണനിർവ്വഹണത്തിനുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി സംയോജിപ്പിക്കുകയും യന്ത്രവത്ക്കരിക്കുകയും സ്ട്രീംലൈൻ ചെയ്യുകയും ചെയ്യേണ്ടതുമാണ്.

(2) സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റത്തിന്റെ നയവും പ്രോഗ്രാമും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കാവുന്നതാണ്.

69 ബി. റൂൾസ് ഓഫ് ബിസിനസ്സ്.—(1) വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സർവ്വകലാശാലയുടെ ഭരണനിർവ്വഹണം മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും വേഗത്തിലാക്കുന്നതിനും റൂൾസ് ഓഫ് ബിസിനസ്സ് ഉണ്ടാക്കേണ്ടതാണ്.

(2) റൂൾസ് ഓഫ് ബിസിനസ്സ് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതും ബാധകമായേക്കാവുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി കാലാകാലങ്ങളിൽ ഭേദഗതി ചെയ്യേണ്ടതുമാണ്.

69 സി. ഗവേഷണ പാർക്കുകൾ.—(1) സർവ്വകലാശാലയ്ക്ക് ആങ്കർ ക്ലയന്റുകൾ, പൂർവ്വവിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിവയിൽ നിന്നുള്ള നിക്ഷേപം ഉപയോഗിച്ച് 2013-ലെ കമ്പനീസ് ആക്റ്റിന്റെ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പ് പ്രകാരമുള്ള കമ്പനികളായി സ്ഥാപിക്കപ്പെടാവുന്ന സ്വതന്ത്ര ഗവേഷണ പാർക്കുകളോ മറ്റ് സമാന സ്ഥാപനങ്ങളോ സ്ഥാപിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ ഗവേഷണ പാർക്കിനും കമ്പനികൾക്കും ഒരു സ്വതന്ത്ര ഗവേണിംഗ് ബോഡി ഉണ്ടായിരിക്കേണ്ടതാണ്. ഗവേഷണ പാർക്കിന്റെ നയവും പ്രോഗ്രാമും ഗവേണിംഗ് ബോഡിയുടെ ഘടനയും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.".

5. നിലവിലുള്ള സെനറ്റ്, സിൻഡിക്കേറ്റ്, നിർവ്വാഹകസമിതി എന്നിവ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(1) ഈ ആക്റ്റിന്റെ പ്രാബല്യതീയതിയ്ക്ക് തൊട്ടുമുൻപ് അപ്രകാരം പ്രവർത്തിച്ചിരുന്ന കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ സെനറ്റും സിൻഡിക്കേറ്റും, പ്രസ്തുത സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി അവസാനിക്കുന്നതുവരെ തുടരുന്നതാണ്.

(2) ഈ ആക്റ്റിന്റെ പ്രാബല്യതീയതിയ്ക്ക് തൊട്ടുമുൻപ് അപ്രകാരം പ്രവർത്തിച്ചിരുന്ന തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ നിർവ്വാഹകസമിതി, പ്രസ്തുത നിർവ്വാഹക സമിതിയുടെ കാലാവധി അവസാനിക്കുന്നതുവരെ തുടരുന്നതാണ്.